# കേരള സർവകലാശാല

നം. പി.ആർ.081/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല യൂണിയൻ ഭാരവാഹികൾ, സെനറ്റ്, സ്റ്റുഡന്റ് കൗൺസിൽ എന്നിവയിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർ പട്ടിക സർവകലാശാല ഓഫീസിൽ പ്രസിദ്ധീകരിച്ചു.

### ബി.കോം (എസ്.ഡി.ഇ) : പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയ് 23-ന് തുടങ്ങുന്ന അവസാന വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ത്രീമെയിൻ) പരീക്ഷയ്ക്ക് കൊല്ലം ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, കണ്ണൂർ മട്ടന്നൂർ കോൺകോർഡ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തൃശ്ശൂർ തരമല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവയാണ് പരീക്ഷാകേന്ദ്രങ്ങൾ. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക് ആവശ്യപ്പെട്ട സപ്ലിമെന്ററി വിദ്യാർത്ഥികൾ എം.സി. വർഗ്ഗീസ് ആർട്സ് & സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷയെഴുതണം. മറ്റ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല.

(എല്ലാ എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)

### ബി.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല ജൂൺ ഏഴിന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.എ.എസ്.എൽ.പി പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 24 (50 രൂപ പിഴയോടെ മേയ് 26, 250 രൂപ പിഴയോടെ മേയ് 27) വരെ ഫീസ് അടയ്ക്കാം.

ജൂൺ 28-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ എട്ട് (50 രൂപ പിഴയോടെ ജൂൺ 10, 250 രൂപ പിഴയോടെ ജൂൺ 13) വരെ ഫീസ് അടയ്ക്കാം.

### പുതുക്കിയ ബി.എസ്സി പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.എസ്സി സുവോളജി, ബയോകെമിസ്ട്രി (സി.ബി.സി.എസ്) എന്നിവയുടെ പ്രാക്ടിക്കൽ പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എച്ച്.ആർ.എം സമ്പർക്കക്ലാസുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗവും തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രവും സംയുക്തമായി നടത്തുന്ന എം.എച്ച്.ആർ.എം രണ്ടാവർഷ ക്ലാസുകൾ ജൂൺ എട്ടിന് തുടങ്ങും. ഒന്നാം പാദം ജൂൺ എട്ട് മുതൽ 21 വരെയും രണ്ടാം പാദം ജൂലൈ 11 മുതൽ 22 വരെയും നടത്തും. അസൈൻമെന്റുകൾ പിഴകൂടാതെ സെപ്റ്റംബർ ഒന്ന് വരെയും 100 രൂപ

പിഴയോടെ സെപ്റ്റംബർ 30 വരെയും സമർപ്പിക്കാം. പ്രോജക്ടുകൾ പിഴകൂടാതെ ഒക്ടോബർ 31 വരെയും 100 രൂപ പിഴയോടെ നവംബർ 15 വരെയും സ്വീകരിക്കും. ക്ലാസുകൾ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും.

## ബി.ബി.എ (എസ്.ഡി.ഇ) ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയ് 24 മുതൽ 28 വരെ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ പരീക്ഷ രാവിലെ 9.30 മുതൽ 12.30 വരെ നടത്തും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല മേയ്/ജൂണിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം, 2008 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2015 മേയ്/ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ (2014-2016 ബാച്ച്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.എച്ച്.ഡി കോഴ്സ് വർക്ക് : പുനഃപരിശോധന

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് (ഡിസംബർ 2015 സെഷൻ) പരീക്ഷയുടെ പുനഃ പരിശോധനയ്ക്ക് മേയ് 30 വരെ അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ഓരോ പേപ്പറിനും 500/- രൂപ ഫീസ് അടച്ച് കാര്യവട്ടം സി.എസ്.എസ് ഓഫീസിൽ എത്തിക്കണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
20.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098